**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 349 — 10/04/2013-ൽ മറുപടിയ്ക്ക്

**തോട്ടം മേഖലയിലെ ഉൽപാദനക്ഷമത വർദ്ധനവ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>,, സാജു പോൾ<br>,, കെ. കെ. ജയചന്ദ്രൻ<br>,, എസ്. രാജേന്ദ്രൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) തോട്ടം മേഖലയിൽ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. തൊഴിലാളികളുടെ കുറവ്മൂലം ടാപ്പിംഗ് ബ്ലോക്കുകളിൽ നിന്നും ഉത്പാദനം എടുക്കുവാൻ കഴിയാതിരുന്നതിനാൽ താല്ക്കാലിക തൊഴിലാളികളെ കൂടുതലായി നിയോഗിച്ച് കൂടുതൽ ഉൽപാദനം എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒപ്പം ഉൽപാദനവർദ്ധനക്കുള്ള ആധുനിക കൃഷി രീതികളും പ്ലാന്റേഷൻ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br>റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാലു തോട്ട വിളകളിൽ ഏലം കൃഷിയെക്കുറിച്ച് മാത്രമാണ് കാർഷിക സർവ്വകലാശാല ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നത്.<br>അത്യുൽപ്പാദനശേഷിയുള്ള PV-1, PV- 2 എന്നീ രണ്ടിനങ്ങൾ കാർഷിക സർവ്വകലാശാല പുറത്തിറക്കിയിട്ടുണ്ട്. ഇതിനു പുറമേ കൃഷി പരിപാലനം, സസ്യ സംരക്ഷണം എന്നിവയെ സംബന്ധിച്ചുള്ള രീതികൾ ഗവേഷണത്തിലൂടെ നിശ്ചയിച്ച പാക്കേജ് ഓഫ് പ്രാക്ടീസ് ( package of practices) എന്ന പുസ്തക രൂപേണ കൃഷി ഉദ്യോഗസ്ഥന്മാർക്കും കർഷകർക്കും കേരള കാർഷിക സർവ്വകലാശാല |

ലഭ്യമാക്കിയിട്ടുണ്ട്.

ഉല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി അത്യുൽപ്പാദന ശേഷിയുള്ള നാളികേരം, അടയ്ക്ക, കൊക്കോ എന്നിവ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും, മിക്സഡ് ഫാമിംഗ്, ഓർഗാനിക്ക് ഫാമിംഗ്, ഇറിഗേഷൻ ടെക്നോളജി, വെർമി കമ്പോസ്റ്റിംഗ് ടെക്നോളജി ക്രോപ്പ് പ്രൊട്ടക്ഷൻ ടെക്നോളജിയും സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നു.

ബി) ഇതിനായുള്ള മുൻവർഷത്തെ പദ്ധതി അടങ്കലും ചെലവഴിക്കപ്പെട്ട തുകയും വെളിപ്പെടുത്താമോ;

ബി) ഏലം ഗവേഷണ കേന്ദ്രത്തിൽ 2011-12 വർഷത്തിൽ കേരള കാർഷിക സർവ്വകലാശാലയ്ക്ക്

ആകെ അനുവദിച്ച തുക : 1,47,12,383
ചിലവാക്കിയ തുക : 1,35,43,065

ഏലം ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2012-13 ൽ 785.87 ലക്ഷം രൂപ സ്പൈസസ് ബോർഡ് ചെലവഴിച്ചു.

സി) തോട്ടവിളകളുടെ വില സ്ഥിരത ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ?

സി) കുരുമുളക്, ഏലം കൊക്കോ, കാപ്പി, അടക്ക ഇഞ്ചി എന്നീ വിളകൾക്കുണ്ടാകുന്ന വിലയിടവിന് പരിഹാരമായി കർഷകർക്ക് ആശ്വാസ ധനം നൽകുന്നതിന് കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ട്.

സ്പൈസസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ശുപാർശ പ്രകാരം ഏലത്തിന് 250 കോടി രൂപയുടെ വിലസ്ഥിരത ഫണ്ട് രൂപീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**